HON'BLE MR. G. RAMACHANDRAN : അതേപ്പറ്റി ആലോചിക്കേണ്ട ആവശ്യം ഗവണ്മെൻറിനുണ്ടായില്ല. വേണമെങ്കിൽ അതേപ്പറ്റി ആലോചിക്കാം.

ഹരിജൻ ഹോസ്റ്റലുകൾ.

304. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ഹോസ്റ്റലുകളിൽ താമസിക്കുന്ന പിന്നോക്കസമുദായവിദ്യാർത്ഥികളുടെ സുഖസൗകര്യങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനു ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ ആരെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിന് ദയവുണ്ടാകുമോ?

HON'BLE MR. G RAMACHANDRAN : അങ്ങനെ ഒരു പ്രത്യേക ഉദ്യോഗസ്ഥനില്ല. അതുകൊണ്ട് മറ്റുള്ള ചോദ്യങ്ങൾ ഉദിക്കുന്നില്ല.

MR. P. K. KRISHNAN SASTRI : ഹരിജനഹോസ്റ്റലുകളിലെ റിട്ടാർത്ഥികൾക്കു പലവിധ അസൗകര്യങ്ങളും ഉണ്ടാകുന്നുണ്ടെന്നറിയാമോ?

HON'BLE MR. G. RAMACHANDRAN : ചിലതൊക്കെ കാണും.

MR P. K. KRISHNAN SASTRI : അതുകൊണ്ടു ഈ അസൗകര്യത്തെപ്പറ്റി അന്വേഷിക്കുന്നതിന് പ്രത്യേകം ആളുകളെ നിയമിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN : അന്വേഷിക്കുന്നതിനു പ്രത്യേകം ആളുവയ്ക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടില്ല. ഇപ്പോൾ ഹോസ്റ്റലിൽ ഒരു വാർഡനുണ്ട്. പിന്നെ അവശസമുദായസംരക്ഷകൻ എന്ന ഉദ്യോഗസ്ഥനുമുണ്ട്. അതുകൊണ്ട് പ്രത്യേകം ആളുവേണമെന്നു തോന്നുന്നില്ല.

MR. ABDUL AZIZ (*Trivandrum I—Muslim Reserved*) : ഇവിടെ അവശസമുദായക്കാർ എന്ന ഉത്തരത്തിൽ പറഞ്ഞതു്, ഹൈന്ദവവിഭാഗത്തിൽപ്പെട്ടവരെമാത്രം ഉദ്ദേശിച്ചാണോ?

HON'BLE MR. G. RAMACHANDRAN: അതിനു് ഉത്തരം പെട്ടെന്നു പറയുവാൻ നിവൃത്തിയില്ല. അവശസമുദായക്കാരെന്നു പൊതുവെ പറയാം.

MR. K. A. MATHEW (*Thiruvalla IV— General*) : ഹരിജനവിദ്യാർത്ഥികളെ മറ്റുള്ള കുട്ടികൾ താമസിക്കുന്ന സ്ഥലത്തു് താമസിപ്പിക്കുന്നതല്ലേ നല്ലതു?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. G. RAMACHANDRAN : അതിനു് ഉത്തരം ഞാൻ ഇന്നലെ പറഞ്ഞതാണു. മറുള്ളവരുടെ ക്യൂട്ടത്തിൽ താമസിപ്പിക്കുന്നതാണു് നല്ലതു്. എന്നാൽ അതിനു വളരെ പ്രതിബന്ധങ്ങളുണ്ടു്.

Industrial Concerns.

305. MR. E. K. MADHAVAN (*Paṟur I—General*) : Will the Honourable Minister for Industries be pleased to state :

(*a*) the amount invested by the Government in the F. A. C. T, F. I. T. and Travancore Rayons Ltd ;

(*b*) whether the Government have advanced any loan to any of these companies ;

(*c*) if so, how much to each ;

(*d*) whether the F. A. C. T., is now running at a loss ;and

(*e*) if so how much loss have they incurred till now and whether Government intend to take any measures for the proper management so that it may be turned into a profitable concern ?

HON'BLE MR. T. M. VARGHESE : (എ) ഫെർട്ടിലൈസേഴ്സ് ആൻറു കെമിക്കൽസിനു ഗവണ്മെൻറു ൬,൬൫,൭൦,൦൦൦ രൂപ മുടക്കിയിട്ടുണ്ടു്. ഫാറസ്റ്റു ഇൻഡസ്ട്രീസിനു് ൬൫,൭൫,൦൦൦ രൂപയും, ട്രാവൻകൂർ റയൺസിനു നാ൦ ലക്ഷം രൂപയും മുടക്കിയിട്ടുണ്ടു്.

(ബി), (സി) ഫെർട്ടി ലൈസേഴ്സ് ആൻറു് കെമിക്കൽസിനു൯൫ ലക്ഷം രൂപാ കടമായിട്ടു കൊടുത്തിട്ടുണ്ടു്. ആ കമ്പനിയുടെ മൂലധനം ൨ കോടിയായി വർദ്ധിപ്പിച്ചിരിക്കുന്നതുകൊണ്ടു് ഗവണ്മെൻറിൽനിന്നും ഓഹരിമൂലധനം വകയിൽ കൊടുക്കേണ്ടിയിരിക്കുന്ന ഒരു കോടി രൂപയ്ക്കുവേണ്ടി ഈ ൯൫ ലക്ഷം രൂപ വകവച്ചുകൊള്ളാമെന്നു ഗവണ്മെൻറു സമ്മതിച്ചിട്ടുണ്ടു്. അതുകൂടാതെ, നൂ ലക്ഷം രൂപാ ഈ കമ്പനിക്കു് അഡ്വാൻസായി കൊടുത്തിരുന്നു. അഡ്വാൻസു കൊടുത്തതു് അമോണിയം സൾഫേറിൻെറ വിലയായി കണക്കാക്കി ആ തുക മുഴുവൻ തന്നുതീർത്തു. വീണ്ടും നൂ ലക്ഷം രൂപാ അഡ്വാൻസായി കൊടുത്തിട്ടുണ്ടു്. ആ തുകയ്ക്കും അമോണിയം സൾഫേറു തന്നുതീർത്തുകൊണ്ടുവരികയാണു്. തന്നുതുടങ്ങിയിട്ടേയുള്ളു.

ഫാറസ്റ്റു ഇൻഡസ്ട്രീസിനു് ഒന്നുംതന്നെ കടമായി കൊടുത്തിട്ടില്ല. റയേൺസിനു് നൂന്നു ലക്ഷം രൂപ കടം ചോദിച്ചിട്ടുണ്ടു്. പല

LIBRARY ARCHIVES Kerala Legislative Assembly